പത്രക്കുറിപ്പ് :
കേരള സാഹിത്യ അക്കാദമി ആപ്പീസ്
തൃശൂർ, 07.09.2012 ഫോ: 0487 2331069

# ഗൃഹാതുരത്വം അടിവേരുകളെ തേടലാണ് : സേതു

സാഹിത്യത്തിൽ ഗൃഹാതുരത്വം എന്നത് ഒഴിവാക്കാൻ പറ്റാത്തതാണെന്ന് സേതു പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ 56-ാംവാർഷികത്തോട് അനുബന്ധിച്ച് അക്കാദമി ഓഡിറ്റോറിയത്തിൽ ഉച്ചതിരിഞ്ഞ് 2 മണിക്ക് നടന്ന *മലയാളസാഹിത്യം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ* എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗൃഹാതുരത്വം പലപ്പോഴും അടിവേരുകളെ തേടിച്ചെല്ലലാണ്. പലപ്പോഴും അത് വേരുകൾക്കപ്പുറം ചെന്നെത്തുന്ന അന്വേഷണമാണ്. കൗതുകത്തിനുവേണ്ടിയുള്ള പിൻമടക്കമല്ല, ഒരിക്കലും മുറിയാത്ത പൊക്കിൾക്കൊടിബന്ധമാണ് ഗൃഹാതുരത്വം. ദേശത്തെയും സംസ്കാരത്തെയും സ്വത്വത്തെയും തേടി ചരിത്രത്തിലൂടെ മനുഷ്യർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ചെന്നുകേറാൻ ഒരിടമുണ്ടെന്ന തോന്നലുമായി അത് തുടർന്നുകൊണ്ടേയിരിക്കും. 2000 വർഷംമുമ്പ് ചേക്കേറിയ ഒരു ജനവിഭാഗത്തിന്റെ, മാതൃരാജ്യത്തെപ്പറ്റിയുള്ള നഷ്ടസ്മൃതികളെ മുൻനിർത്തിയാണ് മറുപിറവി എന്ന നോവൽ രചിക്കപ്പെട്ടതെന്നും സേതു പറഞ്ഞു. നോവലിൽ ദാർശനികത ഒട്ടിച്ചുവെച്ചാൽ ആ കൃതി പരാജയപ്പെടും. സൗന്ദര്യാത്മകമായി ആവിഷ്ക്കരിച്ച ജീവിതാവസ്ഥകളിൽനിന്ന് ഉരുത്തിരിയുന്ന സർഗ്ഗാനുഭവം തന്നെയാണ് ദാർശനികതയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാഹിത്യത്തിൽ ഉൽപ്പന്നവത്ക്കരണം സംഭവിച്ചിട്ടുണ്ടെന്ന് സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് പറഞ്ഞു. കഥയും നോവലും വിൽപ്പനച്ചരക്കായി മാറി. എന്തെഴുതിയാലും എങ്ങനെ വിറ്റഴിക്കാമെന്നതാണ് എഴുത്തുകാരന്റെ പ്രശ്നമെന്ന നിലയിലേക്ക് കാര്യങ്ങൾ ചെന്നെത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സമകാലികമലയാളസാഹിത്യത്തിലെ ശ്രദ്ധേയമായ പല നോവലുകളും മുഖ്യധാരയിൽ വായിക്കപ്പെടുന്നില്ലെന്ന് ആഷാമേനോൻ നോവലിനെക്കുറിച്ചുള്ള പ്രബന്ധമവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. എഴുത്തിന്റെ ലോകം സജീവമാകണമെങ്കിൽ വന്ന വഴിയെപ്പറ്റിയും സംസ്കൃതിയെപ്പറ്റിയും ജാഗരൂകമാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വ്യക്തികളെ പരസ്പരം ഭിന്നിപ്പിക്കുകയും ആശയവിനിമയം അസാദ്ധ്യമാക്കുകയും ചെയ്യുന്ന അമിതസാങ്കേതികതയുടെ ഈ നൂറ്റാണ്ടിൽ വ്യക്തി വ്യക്തിയോട് മാത്രമായി സംസാരിക്കുന്ന മാധ്യമമായി കവിത മാറിയിട്ടുണ്ടെന്ന് കവിതയെക്കുറിച്ചുള്ള പ്രബന്ധമവതരിപ്പിച്ചുകൊണ്ട്ടി.പി.രാജീവൻ പറഞ്ഞു. ചരിത്രപരതയും സാമൂഹ്യപരതയും സാഹിത്യത്തിന്റെ പ്രമേയത്തിൽമാത്രം തേടിപ്പോയത് കഴിഞ്ഞ നൂറ്റാണ്ടിലെ മലയാളവിമർശനത്തിന് സംഭവിച്ച അബദ്ധമായിരുന്നുവെന്ന് കഥയെക്കുറിച്ചുള്ള പ്രബന്ധമവതരിപ്പിച്ചുകൊണ്ട് സുനിൽ പി.ഇളയിടം പറഞ്ഞു. ഇനിയും പ്രത്യക്ഷമായിട്ടില്ലാത്ത പുതിയ സമൂഹത്തിലെ സാമൂഹ്യബന്ധങ്ങളാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാഹിത്യമെന്നും അതുകൊണ്ട് അതിന്റെ വിമർശനം പുതിയ കാഴ്ചപ്പാടുകളിലായിരിക്കുമെന്നും വിമർശനത്തെക്കുറിച്ചുള്ള പ്രബന്ധമവതരിപ്പിച്ചുകൊണ്ട്ബി.രാജീവൻ പറഞ്ഞു. സെമിനാറിൽ ഗിരിജാസേതുനാഥ് സ്വാഗതവും പ്രൊഫ.ജോളി വർഗ്ഗീസ് നന്ദിയും പറഞ്ഞു.

എം.ടി.വാസുദേവൻനായർ രചിച്ച് സൂര്യ കൃഷ്ണമൂർത്തി സംവിധാനം ചെയ്ത *പരിണയം* നാടകം ബഷീർ വേദിയിൽ 6 മണിക്ക് അരങ്ങേറി.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി